പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6459 09.07.2014-ൽ മറുപടിയ്ക്ക്

# ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി. സി. ജോർജ്ജ് :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. എം. വി. ശ്രേയാംസ്കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ; | (എ) കേരള ഹൈഡൽ ടൂറിസം സെന്റർ സംസ്ഥാനത്ത് മൂന്ന് മേഖലകളായിട്ടാണ് പ്രവർത്തിച്ച് പോരുന്നത്. മൂന്നാർ, മലബാർ, തെക്കൻ എന്നിങ്ങനെയാണ് മേഖലകൾ. മൂന്നാർ മേഖലയിൽ,<br>1. ഹൈഡൽ പാർക്ക്, മൂന്നാർ.<br>2. സൺമൂൺ വാലി ബോട്ടിംഗ് സെന്റർ, മാട്ടുപ്പെട്ടി.<br>3. എക്കോ പോയിന്റ് ബോട്ടിംഗ് സെന്റർ, പാലാർ.<br>4. ടൗട്ട്ലെയ്ക്ക് ബോട്ടിംഗ് സെന്റർ, കുണ്ടള.<br>5. ഡ്യൂവാലി ബോട്ടിംഗ് സെന്റർ, ശെങ്കുളം.<br>6. നാടുകാണി പവലിയൻ തുടങ്ങിയവയും, മലബാർ മേഖലയിൽ ബാണാസുരസാഗർ (വയനാട്) ഹൈഡൽ ടൂറിസവും, തെക്കൻ മേഖലയിൽ തിരുവനന്തപുരത്ത് പാലോടിന് സമീപം ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം എന്നിവയുമാണ് സംസ്ഥാനത്തെ പ്രധാന ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ |
| (ബി) നിശ്ചിത ദിവസങ്ങളിൽ മാത്രം പ്രവർത്തിക്കുകയും ടൂറിസ്റ്റു കളുടെ എണ്ണത്തിലും വരുമാന ത്തിലും പ്രകടമായ വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുള്ള ഹൈഡൽ ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണ്; | (ബി) ഇടുക്കി-ചെറുതോണി ഡാമുകളിൽ ഓണം, ക്രിസ്തുമസ്, ഇടുക്കി ഫെസ്റ്റ് എന്നീ ഉൽസവസമയങ്ങളിൽ മാത്രം നിശ്ചിത ദിവസത്തേയ്ക്ക് (30 മുതൽ 40 ദിവസം വരെ) വിനോദ സഞ്ചാരികൾക്കായി ഹൈഡൽ ടൂറിസം ബോട്ടിംഗ് നടത്തിവരുന്നു |

| | | | |
|---|---|---|---|
| (സി) | വർഷംതോറുമുണ്ടാകുന്ന ടൂറിസ്റ്റുകളുടെ വർദ്ധനവും വരുമാനത്തിലെ വർദ്ധനവും കണക്കിലെടുത്ത് ശനിയും ഞായറും മറ്റ് അവധി ദിവസങ്ങളിലുംകൂടി പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | അതി സുരക്ഷാ മേഖലയിലുള്ളതും ദേശീയ പ്രധാന ഡാമുകളുടെ പട്ടികയിൽ വരുന്നതുമായ ഇടുക്കി ഡാമുകളിലെ ജലാശയത്തിന്റെ സമീപ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ യഥേഷ്ടം ഉള്ളതിനാൽ പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും ജില്ലാഭരണകൂടം ആവശ്യമായ സുരക്ഷയും സംരക്ഷണവും ഏർപ്പെടുത്തുകയും വനംവകുപ്പ് നിയമപരമായി അനുമതി നൽകുകയും ചെയ്താൽ മാസങ്ങളിൽ രണ്ടാം ശനി, ഞായർ എന്നീ ദിവസങ്ങളിൽ മാത്രം പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.